നം: ജി(1)38783/2007

സഹകരണ സംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം, തീയതി: 30-07-2008.

**സർക്കുലർ നം: 50/2008**

വിഷയം:- സഹകരണ വകുപ്പ് - "സഹകരണ നവരത്നം കേരളീയം", "സഹകരണ സാമൂഹ്യം കേരളീയം" - സഹകരണസംഘങ്ങളിൽ ആരംഭിച്ചിട്ടുള്ള ലൈബ്രറികളുടെ അഫിലിയേഷൻ - സംബന്ധിച്ച്

സൂചന:- 1. സഹകരണ സംഘം രജിസ്ട്രാറുടെ 41/2007 നമ്പർ സർക്കുലർ.
2. സഹകരണ സംഘം രജിസ്ട്രാറുടെ 54/2007 നമ്പർ സർക്കുലർ.

****

സഹകരണ സാമൂഹ്യം കേരളീയം പദ്ധതി പ്രകാരം സഹകരണ സംഘങ്ങളിൽ ലൈബ്രറികൾ ആരംഭിയ്ക്കുന്നതിന് സൂചന (1) പ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. ലൈബ്രറി സ്ഥാപിയ്ക്കുന്ന സഹകരണ സ്ഥാപനങ്ങളിൽ പുസ്തക വിതരണത്തിന് ചുമതലപ്പെടുത്തുന്ന ജീവനക്കാരന് പ്രതിഫലം നിശ്ചയിച്ചുകൊണ്ട് സൂചന(2) പ്രകാരവും നിർദ്ദേശങ്ങൾ നൽകിയിരുന്നു.

പുസ്തകങ്ങൾ വാങ്ങിയ എല്ലാ സംഘങ്ങളിലും ലൈബ്രറികൾ ആരംഭിച്ച് പൂർണ്ണ തോതിൽ പുസ്തക വിതരണം തുടങ്ങിയിട്ടില്ലെന്നും, നല്ലൊരു ശതമാനം ലൈബ്രറികളിലും പുസ്തകങ്ങളുടെ എണ്ണം താരതമ്യേന കുറവാണെന്നും ജില്ലകളിൽ നടത്തിയ അവലോകന യോഗങ്ങളിൽ കണ്ടെത്തുകയുണ്ടായി. സംസ്ഥാനത്തിലെ സാംസ്കാരിക രംഗത്ത് ഇപ്പോൾത്തന്നെ വളരെയേറെ പ്രശംസ നേടിയ സഹകരണ സംഘങ്ങളുടെ ആഭിമുഖ്യത്തിലുള്ള ലൈബ്രറികൾ, തീർച്ചയായും, വായനാസംസ്കാരം വളർത്തുന്നതോടൊപ്പം സഹകരണ പ്രസ്ഥാനത്തിന്റെ കൂടുതൽ വളർച്ചയ്ക്കും ഇടയാക്കുമെന്നും സഹകാരികളുടെ ഇടയിൽ പൊതുവേ അഭിപ്രായമുയർന്നിട്ടുണ്ട്. ഈ സാഹചര്യത്തിൽ സഹകരണ സ്ഥാപനങ്ങളിൽ ആരംഭിച്ചിട്ടുള്ള ഈ ലൈബ്രറികളെ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലുമായി അഫിലിയേറ്റ് ചെയ്യുന്നതിന് സർക്കാർ തിരുമാനിച്ചിട്ടുള്ള സാഹചര്യത്തിൽ അഫിലിയേഷൻ ലഭിയ്ക്കുന്നതിന് 1989-ലെ കേരള പബ്ലിക് ലൈബ്രറീസ് ആക്ടിലും (സെക്ഷൻ 28) അതോടനുബന്ധിച്ച് പാസ്സാക്കിയിട്ടുള്ള 1991-ലെ കേരള പബ്ലിക് ലൈബ്രറീസ് ചട്ടത്തിലെ ചട്ടം 4(എ.എൽ)-ൽ വ്യവസ്ഥ ചെയ്തിട്ടുള്ള ചുവടെ ചേർക്കുന്ന മാനദണ്ഡങ്ങൾ പാലിക്കേണ്ടതുണ്ട്.

1. അഫിലിയേഷനുള്ള അപേക്ഷ നിശ്ചിത ഫോറത്തിൽ 3 പ്രതികൾ സമർപ്പിയ്ക്കണം.
2. അപേക്ഷിയ്ക്കുന്ന തീയതിയ്ക്ക് ഒരു വർഷക്കാലം മുമ്പ് മുതൽ പ്രവർത്തിയ്ക്കുന്നതായിരിയ്ക്കണം.
3. ലൈബ്രറിയ്ക്ക് കുറഞ്ഞത് 50 അംഗങ്ങളുണ്ടായിരിയ്ക്കണം.
4. 5000/- രൂപയിൽ കുറയാത്ത മുഖവിലയ്ക്കുള്ള 1000 പുസ്തകങ്ങൾ ഉണ്ടായിരിയ്ക്കണം.
5. നിലവിൽ അഫിലിയേഷനുള്ള ഒരു ലൈബ്രറിയിൽ നിന്നും 2 കിലോമീറ്റർ പരിധിയ്ക്കു വെളിയിലായിരിയ്ക്കണം. (മേൽ പറഞ്ഞ വ്യവസ്ഥകളിൽ പ്രദേശത്തെ ജനസാന്ദ്രതയ്ക്കനുസരിച്ച് താലൂക്ക് ലൈബ്രറി കൗൺസിലിന്റെ ശുപാർശ പ്രകാരം സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന് ഇളവ് അനുവദിയ്ക്കാവുന്നതാണ്.)
6. ആവശ്യമായ ഫർണിച്ചറോടു കൂടി വായനശാലയും, പുസ്തകങ്ങൾ മുതലായവ സൂക്ഷിയ്ക്കുന്നതിനുള്ള സൗകര്യവും ഉണ്ടായിരിയ്ക്കണം.
7. 15 ച.മീറ്ററിൽ കുറയാത്ത വിസ്തീർണ്ണമുള്ള സ്വന്തമായോ വാടകയ്ക്കോ ലഭ്യമായിട്ടുള്ള കെട്ടിടം ഉണ്ടായിരിയ്ക്കണം.
8. എല്ലാവർക്കും അംഗത്വം നൽകണം.
9. മൂന്നു ദിനപ്പത്രങ്ങളും 6 ആനുകാലികങ്ങളും ഉണ്ടായിരിയ്ക്കണം.
10. ഒരു ലൈബ്രേറിയൻ ഉണ്ടായിരിയ്ക്കണം.

11. ഒരു വർഷം അംഗങ്ങൾക്ക് കുറഞ്ഞത് 2000 പുസ്തകം വിതരണം ചെയ്യണം.
12. ലൈബ്രറിയുടെ അംഗങ്ങളുടെ പൊതുയോഗം അംഗീകരിച്ച നിയമാവലി ഉണ്ടായിരിയ്ക്കണം.

ലൈബ്രറി കൗൺസിലിൻെറ അഫിലിയേഷൻ ലഭിയ്ക്കുന്നതിനുള്ള അപേക്ഷ 50/- രൂപാ ഫീസ് സഹിതം താലൂക്ക് ലൈബ്രറി കൗൺസിൽ സെക്രട്ടറിയ്ക്കാണ് നൽകേണ്ടത്. ടി അപേക്ഷ താലൂക്ക് കൗൺസിൽ, ജില്ലാ ലൈബ്രറി കൗൺസിൽ മുഖേന സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന് നൽകി സ്റ്റേറ്റ് ലൈബ്രറി കൗൺസിലാണ് അഫിലിയേഷൻ നൽകുന്നത്.

പുസ്തക സംഖ്യ 1000-ൽ കൂടുതലുള്ള ലൈബ്രറികൾ, അവ പ്രവർത്തനമാരംഭിച്ച് ഒരു വർഷം തികയുമ്പോൾ അഫിലിയേഷന് അപേക്ഷിയ്ക്കേണ്ടതും, മറ്റ് ലൈബ്രറികളിൽ പുസ്തക സംഖ്യ 1000 തികയ്ക്കുന്നതിന് സംഘം ഭരണസമിതി അംഗങ്ങളും, ജീവനക്കാരും-അംഗങ്ങളിൽ നിന്നും, പൊതുജനങ്ങളിൽ നിന്നും, സംഭാവനയായി പുസ്തകങ്ങൾ സമാഹരിയ്ക്കുന്നതിനും, സാഹിത്യ പ്രവർത്തക സഹകരണ സംഘം പ്രസിദ്ധീകരിച്ചിട്ടുള്ള പുതിയ പുസ്തകങ്ങൾ സംഘങ്ങൾ വിലയ്ക്കു വാങ്ങുന്നതിനും നിർദ്ദേശിയ്ക്കുന്നു.

പുസ്തക സംഖ്യ 1000 എണ്ണം തികയുമ്പോൾ അഫിലിയേഷന് അർഹമാകുന്ന തരത്തിൽ സംഘങ്ങളിലെ ലൈബ്രറികളുടെ പൂർണ്ണ പ്രവർത്തനം ഇപ്പോൾ മുതൽക്കു തന്നെ ആരംഭിയ്ക്കുന്നതിനും, ആവശ്യമായ റിക്കാർഡുകളും, രജിസ്റ്ററുകളും സൂക്ഷിയ്ക്കേണ്ടതുമാണ്. ജില്ലാ ജോയിൻറ് രജിസ്ട്രാർമാർ ഓരോ മാസവും താലൂക്കിലെ സംഘങ്ങളുടെ പ്രവർത്തന അവലോകനം നടത്തുന്ന വേളയിൽ, ലൈബ്രറികളുടെ പ്രവർത്തനം ശ്രദ്ധാപൂർവ്വം വിലയിരുത്തേണ്ടതും, ലൈബ്രറികളുടെ പ്രവർത്തനം പൂർണ്ണ തയിലെത്തുന്നതിനായി നിരന്തരം സംഘങ്ങളുമായി ബന്ധപ്പെടേണ്ടതും, ഇക്കാര്യത്തിൽ സംഘങ്ങൾക്കുണ്ടാകുന്ന പ്രശ്നങ്ങൾ യഥാസമയംതന്നെ സഹകരണ സംഘം രജിസ്ട്രാറുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതുമാണ്. ലൈബ്രറികൾ സംബന്ധിച്ച കാര്യങ്ങൾ ഏകോപിപ്പിയ്ക്കുന്നതിനും, ജോയിൻറ് രജിസ്ട്രാർ തലത്തിൽ പ്രശ്നങ്ങൾ പരിഹരിയ്ക്കുന്നതിനും, ജോയിൻറ് രജിസ്ട്രാർ(ജനറൽ) ആഫീസിലെ ഡെപ്യൂട്ടി രജിസ്ട്രാർ (ഭരണം)-നെ നോഡൽ ആഫീസറായി നിയോഗിയ്ക്കുന്നു.

ഈ സർക്കുലർ നിർദ്ദേശങ്ങൾ, എല്ലാ സഹകരണ സംഘങ്ങളുടെയും ശ്രദ്ധയിൽ കൊണ്ടുവരേണ്ടതും, വകുപ്പ് തലത്തിൽ സ്വീകരിയ്ക്കാവുന്ന നടപടികൾ യഥാസമയം സ്വീകരിയ്ക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതുമാണ്.

ഒപ്പ്/-
റാണി ജോർജ്ജ് ഐ.എ.എസ്,
സഹകരണസംഘം രജിസ്ട്രാർ

പകർപ്പ്:-

1. പ്രസിഡൻറ്/മാനേജിംഗ് ഡയറക്ടർ, സംസ്ഥാന സഹകരണ ബാങ്ക്, തിരുവനന്തപുരം.
2. പ്രസിഡൻറ്/മാനേജിംഗ് ഡയറക്ടർ, സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്, തിരുവനന്തപുരം.
3. മാനേജിംഗ് ഡയറക്ടർ, എല്ലാ അപ്പക്സ് സ്ഥാപനങ്ങൾക്കും
4. പ്രസിഡൻറ്/ജനറൽ മാനേജർ, ജില്ലാ സഹകരണ ബാങ്കുകൾ
5. ചെയർമാൻ/സെക്രട്ടറി, സംസ്ഥാന സഹകരണ യൂണിയൻ
6. എല്ലാ ജോയിൻറ് രജിസ്ട്രാർ(ജനറൽ/ആഡിറ്റ്)മാർക്കും
7. എല്ലാ ജോയിൻറ് രജിസ്ട്രാർ/കൺകറൻറ് ആഡിറ്റർമാർക്കും, (KSCB, DCBs)
8. എല്ലാ അസിസ്റ്റൻറ് രജിസ്ട്രാർ(ജനറൽ/ആഡിറ്റ്)മാർക്കും

//ആജ്ഞാനുസരണം//

സഹകരണ സംഘം രജിസ്ട്രാർക്കു വേണ്ടി